Mr. E. Ikkanda Warriar.—Section 2 without the explanation will be sufficient. It is the series of explanations, that gives the difficulty.

Mr. President.— The Bill will be taken up tomorrow. Before the House adjourns, I want to announce that the election of the three non-official members to the Standing Finance Committee by the non-official Members of this House will be held on Friday, 27—3—1936 at 5 p. m. Hon'ble Members are requested to hand over their nomination papers to the Secretary to the Council before 5 p.m. on 26—3—1936.

The House stands adjourned to half past two.

The House rose for lunch at 1-10 p. m. and re-assembled at 2-30 p. m. with the Deputy President (M. R. Ry. A. Sankara Menon Avl., B. A. & B. L.) in the Chair.

Resolutions (Contd.)
33. Provision for the improvement of Poramboke tanks.

Mr. T. K. Nayar.—*"This Council recommends to the Government to allot annually a decent sum for improving the existing poramboke tanks".*

* സർ, കുറച്ചുകാലമായി ഉൾനാട്ടുകളിൽ കാലവർഷം ശരിയായിട്ടില്ലാത്തതുകൊണ്ട് കൃഷിക്ക് ഉണക്കുപിടിച്ചു പലേ അവസരത്തിലും നികുതി വിട്ടുകിട്ടണമെന്ന ഗവൺമെൻറിനോട് ആവലാതിപ്പെട്ടും, പലേ അവസരത്തിലും അവരുടെ രക്ഷയ്ക്കായിട്ട് ഗവൺമെൻറു നികുതി വിട്ടുകൊടുത്തും മറും പ്രവൃത്തിച്ചു വരുന്ന സംഗതി ഗവൺമെൻറിന് ഇപ്പോൾ ഓർമ്മയുള്ളതാണ്. ഇതിനു ചില നിവാരണങ്ങളെല്ലാം ഗവൺമെൻറിൽനിന്ന് കണ്ടുവച്ചിട്ടുണ്ടെന്നും, അതിലേക്കു ഓരോ വില്ലേജിലുമുള്ള പുറമ്പോക്കു കുളങ്ങളുടെ സ്ഥിതിഗതികളെപ്പറ്റിയും മറും റിപ്പോർട്ടു ചെയ്യുന്നതിന്ന് വില്ലേജ് ഉദ്യോഗസ്ഥന്ന് കല്പനകൊടുത്തിട്ടുണ്ടെന്നും ഒരവസരത്തിൽ ദിവാൻപേഷ്കാർ അവർകൾ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ടായിരുന്നു.

ഉൾനാടുകളിലെ കൃഷിരക്ഷയ്ക്കു വലുതായ ഇറിഗേഷൻ സ്കീം കൊണ്ടോ മറേറാ രക്ഷകിട്ടുവാൻ അടുത്ത അവസരത്തിൽ സാധിക്കാത്ത സ്ഥിതിക്ക്, വളരെക്കാലമായി ഈവക പുറമ്പോക്കു കുളങ്ങളെക്കൊണ്ട് ജലക്ഷാമം തീർത്തുവന്നിരുന്നതുപോലെ ഇപ്പോഴും അതിനെ വേണ്ടവിധം സംരക്ഷിച്ചുപോരുന്നപക്ഷം മേലിൽ ഇത്ര കലശലായി ഉണക്കം ബാധിക്കാതെ കഴിക്കാമെന്ന ഞങ്ങൾക്കഭിപ്രായമുള്ളതുകൊ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത്. എന്നാൽ കൊച്ചീരാജ്യത്തുള്ള പുറമ്പോക്ക കുളങ്ങൾ എല്ലാം ഒന്നിച്ചു നന്നാക്കി മുൻസ്ഥിതിയിൽ വരുത്തണമെന്ന് ഒരു റസല്യൂഷൻ ഇവിടെ അവതരിപ്പിക്കുന്നതു്, എത്ര കുളങ്ങൾ ഉണ്ടെന്നോ അതു നന്നാക്കുവാൻ എന്തു ചിലവു വേണ്ടിവരുമെന്നോ അതിന്റെ സ്ഥിതി എന്താണെന്നോ ഒന്നും അറിയാതെ പ്രമേയം അവതരിപ്പിയ്ക്കുന്നതു്, ശരിയായിരിക്കയില്ല എന്നുള്ളതുകൊണ്ടും കുറെ കൊല്ലംകൊണ്ടു മാത്രമേ ഗവമ്മെൻറിന് പുറമ്പോക്ക കുളങ്ങളെ മുൻസ്ഥിയിൽ എത്തിക്കുവാൻ സാധിക്കയുള്ളൂ എന്ന ബോദ്ധ്യംകൊണ്ടും ഓരോ കൊല്ലത്തിൽ ഏതാണ്ടു ഗവമ്മെൻറിന്റെ ധനസ്ഥിതി അനുസരിച്ചുള്ള സംഖ്യ ചിലവാക്കി പത്തുകൊല്ലംകൊണ്ടോ ഇരുപതുകൊല്ലംകൊണ്ടോ പുറമ്പോക്ക കുളങ്ങൾ കൃഷിരക്ഷയ്ക്കു ഉതകുന്ന വിധത്തിൽ നന്നാക്കി തീർക്കാമെന്നാണ് എന്റെ അഭിപ്രായം. ഈ കുളങ്ങളെല്ലാം നന്നാക്കി കൃഷിയെ രക്ഷിക്കേണ്ടതിനെപ്പറ്റിയോ ഈ പ്രമേയത്തിന്റെ അത്യാവശ്യത്തെ സംബന്ധിച്ചോ വല്ലതായ എതിർവാദം ഗവമ്മെൻറു ഭാഗത്തുനിന്ന് ഉണ്ടാകുമെന്നു ബോദ്ധ്യമില്ലാത്തതിനാൽ ഞാൻ ഈ അവസരത്തിൽ അധികമൊന്നും പ്രസ്താവിക്കുന്നില്ല. അത്ര അടിയന്തിരമായ ഒരു സംഗതിയാണ് ഇതു്. ഇപ്പോഴത്തെ കുളങ്ങളുടെ സ്ഥിതി നോക്കിയാൽ അടുത്തകാലത്തൊന്നും അതിനെ മുൻസ്ഥിതിയിൽ കൊണ്ടുവരുവാൻ സാധിക്കുമെന്നു ബോദ്ധ്യം എനിക്കില്ല. അതുകൊണ്ടു ഇതിലേക്കു ഒരു വകയുണ്ടാക്കി ഈ ഒരു പദ്ധതി സ്വീകരിച്ചു എന്നുള്ളതെങ്കിലും വരുത്തി തീർത്തു കാലക്രമേണ കുളങ്ങൾ മുൻസ്ഥിതിയിൽ വരുത്തിക്കണ്ടാൽ കൊള്ളാമെന്ന ആഗ്രഹം മാത്രമേ എനിക്കുള്ളൂ. ഇത്രയും പറഞ്ഞുകൊണ്ടു ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ.— സർ, ഞാൻ ഇതിനെ ബലമായി പിന്താങ്ങുന്നു. ഇതുപോലെതന്നെ എന്റെ കാൺസ്റ്റിറ്റ്യുവൻസിയിലും വളരെ കുളങ്ങൾ ഉണ്ടു്. കൃഷിക്കു ഈ കുളങ്ങൾ ആണു്. അവകൊണ്ടു യാതൊരു പ്രയോജനവുമില്ല. അവകൾ പാടനിരപ്പിലായി തുന്നു കിടക്കുന്നുണ്ടു്. ഈ കുളത്തിനടുത്തുള്ള പാടങ്ങളെല്ലാം ഇതിനെ ആശ്രയിച്ചാണിരിക്കുന്നതു്. മഴയും വളരെ അപൂർവ്വമേയുള്ളൂ. ഈ കുളങ്ങൾ വേണ്ടപോലെ സംരക്ഷിച്ചു് വല്ലതും ചെയ്തുകൊടുത്തില്ലെങ്കിൽ എങ്ങിനെയാണു് ഉപജീവനം കഴിക്കുക; എങ്ങിനെയാണു നികുതികൊടുക്കുക. അതുകൊണ്ടു ഈ കാര്യത്തിൽ എന്തെങ്കിലും കഴിയുന്നതും വേഗത്തിൽ ചെയ്തുകൊടുക്കണമെന്നാപേക്ഷിക്കുന്നു.

മിസ്റ്റർ വി. കെ. കുട്ടി.— സർ, ഞാനും ഈ പ്രമേയത്തെ ബലമായി പിന്താങ്ങുന്നു. വെള്ളത്തിന്റെ അഭാവംകൊണ്ടു നാട്ടുകാർ അനുഭവിക്കുന്ന സങ്കടങ്ങൾ കഴിഞ്ഞ വേനൽക്കാലത്തു എനിക്കു നേരിട്ടു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. കൊച്ചീ രാജ്യത്തിന്റെ നാനാഭാഗങ്ങളി

LIBRARY ARCHIVES Kerala Legislative Assembly

ലും ഓടുവാൻ ഭാഗ്യമുണ്ടായ എനിക്ക ചില സ്ഥലങ്ങളിൽ കണ്ട നിർ ഭാഗ്യാവസ്ഥ എന്നെ ദുഃഖിപ്പിക്കുകയാണു ഉണ്ടായതു്. പഴഞ്ഞിയിൽ ഞാൻ ചെല്ലുമ്പോൾ അവിടത്തെ കൃഷിക്കാർ ഒരുമിച്ചു കൂടി നിന്ന സ്വന്തമായി കുളം കുഴിക്കുന്ന കാഴ്ചയാണു കണ്ടതു്. അവക്കു കുടിക്കുവാനോ കുളിക്കുവാനോ കൃഷിചെയ്യുവാനോ വെള്ളമില്ലാതെ കഷ്ടപ്പെടുന്ന കാഴ്ച ആരേയും വേദനപ്പെടുത്താതെ ഇരിക്കയില്ല. വാസ്തവത്തിൽ പഴഞ്ഞിയിലുണ്ടായിരുന്ന മുസ്ലീം വോട്ടർമാരിൽ അധികം പേരേയും അവിടെവച്ചാണു് എനിക്ക കാണുവാൻ സാധിച്ചതു്. ഇതുപോലെ പല സ്ഥലങ്ങളിലും വെള്ളത്തിന്റെ അഭാവം മൂലം നാട്ടുകാർ സങ്കടമനുഭവിക്കുന്നുണ്ടു്. കൃഷിക്കെന്നപോലെ മറ്റാവശ്യങ്ങൾക്കും വെള്ളം അത്യാവശ്യമാണു്.

ഈയിടെ കൊടുങ്ങല്ലൂരിലുള്ള ഒരു പുറമ്പോക്ക കുളത്തിൽ വെള്ളമില്ലാതെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെപ്പറ്റി ഞാൻ ബഹുമാനപ്പെട്ട പബ്ലിക്ക ഹെൽത്ത ഡയറക്ടർക്ക ഒരു കത്തയക്കുകയുണ്ടായി. അതു ഒരു ചന്തസ്ഥലമാണു്. ആയിരക്കണക്കായ ആളുകൾ അവിടെ വന്നു വ്യാപരിച്ചു പോരുന്നുണ്ടു്. അവക്കു കുടിക്കുവാനും കുളിക്കുവാനും വെള്ളമില്ല. ഡിപ്പാർട്ടുമെൻറിന്റെ അലസതയാണു് ഇതിനു കാരണമെന്നു എനിക്ക വിശ്വാസമില്ല. ഫണ്ടില്ലെന്നുള്ള കാരണമാണു് ഇവക്കെല്ലാം ഉത്തരവാദിയായി നില്ക്കുന്നതു്. ഗവൺമെൻറു ഈ വിഷയത്തിൽ പ്രായോഗികമായ ഒരു സ്കീമുണ്ടാക്കി കൃഷിക്കും മറ്റുപയോഗത്തിനും വെള്ളം ലഭിക്കുന്നതിനു വേണ്ട സൌകര്യം ചെയ്യണമെന്നുള്ളതാണു് എന്റെ അപേക്ഷ.

Dr. E. S. R. Menon.—Sir, Government are even now providing in the budget a sum of Rs. 30 to 35 thousand for the purpose of water supply in the rural parts of the State. This amount is utilised for the improvement of the existing tanks and wells and for sinking new ones. This resolution is for increasing the allotment for improving the existing tanks. Under the existing financial conditions and the heavy financial commitments in the coming years especially in the Harbour Works it is not possible to give any assurance in this matter. But the spirit of the resolution is appreciated by the Government. Water is a paramount necessity of life and the desirability of a good supply is not contested. I can only say that in the rural parts the question will be considered according to the urgency of works whenever funds permit.

മിസ്റ്റർ കെ. അയ്യപ്പൻ.— സമ്മതഭാവമല്ലേ ഗവൺമെൻറിനുള്ളതു്?

Dr. E. S. R. Menon.—Sir, I may be allowed to make the

LIBRARY ARCHIVES Kerala Legislative Assembly

position of Government more clear. Government have accepted the principle of the resolution and as far as possible it will be done according to the availability of funds.

*മിസ്റ്റർ ടി. കെ. നായർ.— സർ, എന്റെ ഈ റസല്യൂഷന്ന് പബ്ലിക്ക ഹെൽത്ത ഡയറക്ടർ അവർകൾ മറുപടി പറഞ്ഞതുകൊണ്ടു തന്നെ ഗവമ്മെൻറിന്ന് ഈ റസല്യൂഷന്റെ അത്രം മനസ്സിലായിട്ടില്ല എന്നു തെളിയുന്നുണ്ട്. എന്റെ അഭിപ്രായത്തിൽ ഇതിനു മറുപടി പറയേണ്ടതു ദിവാൻപേഷ്ക്കാർ ആണെന്നാണ്. ഇതു വെറും സാനിട്ടേഷനെ സംബന്ധിക്കുന്ന കാര്യമല്ല. ഇതു അട്ടേഹത്തിന്റെ തലയിൽ കൊണ്ടുചെന്നു ചെലുത്തിയതു അട്ടേഹത്തിന്റെ ഒരവസ്ഥകൊണ്ടാണ്. കൊച്ചീരാജ്യത്തെ റവന്യൂ ഡിപ്പാർട്ടുമെൻറിൻ കീഴിലുള്ള അസംഖ്യം ഏക്കർ സ്ഥലവും പുറമ്പോക്കു കുളങ്ങളാണ്. ഈവക കുളങ്ങളാണു നാട്ടുകാർക്കു കൃഷി രക്ഷചെയ്യുന്നതു്. ഈ കുളങ്ങളെല്ലാം ഓരോ കുടുംബക്കാരുടേതായിരുന്നു. ഒരാൾക്കു ൨ ഏക്കർ ൩ ഏക്കറുള്ള ഈ സ്ഥലത്തിന്ന് നികുതികൊടുക്കുവാൻ സാധിക്കാതെ ഗവമ്മെൻറിലേക്കു വിട്ടുകൊടുത്തിട്ടുള്ള കുളങ്ങളാണ് ഇതെല്ലാം. ഈ കുളങ്ങളുടെ പൂർവ്വചരിത്രം ഇതാണ്. പണ്ടത്തെ കാരണവന്മാർ കുത്തിയിട്ടുള്ള ഈ കുളം കൊണ്ടു ൪൦ ഏക്കർ ൧൦൦ ഏക്കർ ഭൂമിയെ രക്ഷിക്കുവാൻ സാധിക്കും. ഇപ്പോഴത്തെ ഉണക്കു അന്നും ഉണ്ടായിരിക്കണം. എന്നാൽ ഈ കുളങ്ങളുടെ രക്ഷകൊണ്ടു അന്നൊന്നും ജനങ്ങൾ അതു അറിഞ്ഞിരുന്നില്ല. എന്റെ അറിവിൽ ൧൦൫-ൽ ആണ് വലിയ ഉണക്കുണ്ടായിട്ടുള്ളതു്. എന്നാൽ ഇപ്പോൾ ഏതുകൊല്ലത്തിലും ഉണക്കുമാണ്. ഇങ്ങിനെയുള്ള ഈ വ്യത്യത്തിൽ ഇതിനുള്ള കാരണങ്ങളെന്താണെന്നു ഞാൻ ആലോചിച്ചതിൽ ഈ മാതിരി കുളങ്ങളിൽ വെള്ളം ശേഖരിച്ചാൽ ഈ ഉണക്കു കൂടാതെ കഴിക്കാമെന്ന് എന്റെ ബുദ്ധിയിൽ പെട്ടതിനാൽ അതു് ഗവമ്മെൻറിനെ ധരിപ്പിക്കാമെന്നു വിചാരിച്ചാണ് ഞാൻ ഈ റസല്യൂഷൻ ഇവിടെ കൊണ്ടുവന്നതു്. എന്നാൽ ഇതൊന്നും ധരിക്കാതെയാണ് ഗവമ്മെൻറു മറുപടിപറഞ്ഞിട്ടുള്ളതു്. ഞാൻ ആവശ്യപ്പെട്ടതു് കിണർ കുഴിക്കേണ്ട കാര്യമല്ല, തോടു വെട്ടേണ്ട കാര്യമല്ല. അതുകൊണ്ടു് ഞാൻ ആവശ്യപ്പെട്ടതിനു ഗവമ്മെൻറു മറുപടിപറഞ്ഞിട്ടില്ല. എന്റെ പ്രമേയത്തിന്റെ സാരം മനസ്സിലാക്കി ഇതിനു ഗവമ്മെൻറിന്റെ മറുപടി കിട്ടിയാൽ കൊള്ളാമെന്നാണ് ഞാൻ ഡെപ്യൂട്ടി പ്രസിഡണ്ടിനോടു അപേക്ഷിക്കുന്നതു്.

Mr. K. Achyuta Menon.—Mr. President, Sir, I feel the importance of the resolution very much. Even before the resolution came up before the House, I may state that this problem of repairing poramboke tanks had attracted my attention. During the course of my inspection of the crops in connec-

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

tion with the drought both of last year and the year before last I had asked my subordinates to prepare a map with respect to each village showing the sources of irrigation there, more especially the poramboke tanks, and channels. Another point that I asked them was that the map should be accompanied by a report showing what in their opinion ought to be done to these sources of water supply so as to make the rain fed lands independent of rain to a succesful extent. I had as a matter of fact collected 270 maps, one with respect to each village, showing the sources of water supply, existing in each village accompanied by a report each from the village officers suggesting what should be done. I did not proceed with the matter further for the reason that the Irrigation Bill has since been passed into law. That Bill contains a provision that if in any particular area or padom the ryots are of opinion that a particular work should be undertaken as conducive to the improvement of cultivation there they are at liberty to apply to the Government, pointing out that such and such a work would be useful to the ryots of the locality. If the majority of land owners think that a poramboke tank should be repaired they have only to make an application to the Chief Engineer or to the Diwan Peishkar and those officers have to make report to the Government. Government will then enquire and find out whether it is necessary in the interests of the land. If the Govternment are convinced that the repair of a tank would improve the agriculture in that locality, that work would be taken up and all that the agriculturists have to pay is only a cess at the rate provided for in the Regulation. I submit that no further independent action on the part of the Government is necessary. Government will be prepared to take such action as the Irrigation Bill indicates.

Mr. T. K. Nayar.—We want to know what will be the response of the Government to that application.

Mr. K. Achyuta Menon.—Suppose an application is presented to me. I will enquire into it and make a report. If in my opinion it would be productive of the results indicated in the petition, Government would consider that report and necessary steps will be taken to improve the tank, at Government expense. The agriculturists will have to contribute a water cess at the rates mentioned in the Irrigation Bill.

Mr. P. Kumaran Ezhuthassan.—Is there any question of availability of funds here?

Mr. K. Achyuta Menon.—No; there is a law here and the agriculturists have only to point out what tank should be

LIBRARY ARCHIVES Kerala Legislative Assembly

repaired. If the Government agree with their suggestion they will do the needful and the agriculturists will only have the liability to pay a water cess. There is abundant provision in the legislation passed by this House. No separate action would be necessary in these circumstances. Government would be awaiting petitions from the ryots before taking action.

മിസ്റ്റർ ടി. കെ. നായർ.— ഇറിഗേഷൻ ബിൽ പാസാകുന്ന അവസരത്തിൽ ഗവൺമെൻറിന്റെ കസ്റ്റശത്തിലിരിക്കുന്ന കുളങ്ങളെല്ലാം കളയണമെന്ന ഉദ്ദേശമാണോ ഗവൺമെൻറിനുള്ളത്?

Mr. K. Achyuta Menon.—Even under the Irrigation Bill, action can be taken *suo moto* by Government. There is no difference on point of principle. There is only a quarrel of words here.

മിസ്റ്റർ ടി. കെ. നായർ.— അതല്ല ഞാൻ പറഞ്ഞതിനർത്ഥം. ഇറിഗേഷൻ ബില്ല പ്രകാരം ഒരു പുതിയ ജോലി ചെയ്യണമെന്നല്ല ഞാൻ അപേക്ഷിക്കുന്നത്. നിങ്ങളുടെ കസ്റ്റശമുള്ള കുളങ്ങൾ നാട്ടുകാരുടെ അപേക്ഷ വരാതെതന്നെ അത് നന്നാക്കണമെന്നാണ് ഞാൻ പറയുന്നത്.

Mr. K. Achyuta Menon.—We can move *suo moto;* but representations from the people who are vitally interested in the matter will undoubtedly be more effective.

Mr. T. K. Nayar.—May I know whether the Government are allotting certain sum for this particular purpose for improving poramboke tanks?

നിങ്ങളും നാട്ടുകാരാണ്. ഇറിഗേഷൻ ബിൽ പാസായത്തു പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. എന്നാൽ ഇങ്ങിനെ ഒരു ബിൽ പാസായിട്ടുള്ളതുതന്നെ ഉൾനാട്ടുകാർക്കു അറിഞ്ഞുകൂടാ. ഞങ്ങൾചെന്നു അവരോടു പറയേണ്ടതാണ് എന്നു പറയുകയാണെങ്കിൽ അതു സമ്മതിച്ചു; ഞങ്ങൾ ചെന്നു പറയാം. ഞങ്ങൾ ചെയ്യേണ്ടതായ ചുമതലയുണ്ട്. നിങ്ങളുടെ കസ്റ്റശമുള്ള പുറമ്പോക്കു കുളങ്ങൾ എപ്പോഴും നന്നായിരിക്കേണ്ടതാണ്. നിങ്ങൾ നിർത്തി വസൂലാക്കുക. അതുകൊണ്ടു ഈ പ്രമേയത്തിനുള്ള മറുപടി ഇറിഗേഷൻ ബില്ലല്ല. ബില്ലിലെ വിഷയംതന്നെ ഇതല്ല.

Mr. K. Achyuta Menon.—Actions under the Irrigation Bill will be more effective.

മിസ്റ്റർ കെ. അയ്യപ്പൻ— നാട്ടുകാരുടെ അപേക്ഷ വരുമെന്നു വിചാരിച്ചു് ഏതെങ്കിലും ഒരു സംഖ്യ ബഡ്ജറിൽ കൊള്ളിക്കുന്നുണ്ടോ?

Mr. T. S. Narayana Ayyar.—Government will consider

LIBRARY ARCHIVES Kerala Legislative Assembly

the question according to the availability of funds. The principle of the Bill Government do accept.

മിസ്റ്റർ കെ. അയ്യപ്പൻ.— അപേക്ഷ വരുമെന്നു പ്രതീക്ഷിച്ചു കൊണ്ടു് ഈ ഇനത്തിലേക്കു സംഖ്യ നീക്കിവച്ചിട്ടുണ്ടോ?

Deputy President.—The Government have already answered.

മിസ്റ്റർ ടി. കെ. നായർ.— ഗവൺമെൻറു പറയുന്ന മറുപടികൊണ്ടു ഞാൻ വല്ലാത്ത പരിഭ്രമത്തിലായി. എൻറെ ആവശ്യം ഞാൻ ധരിച്ചിട്ടുള്ളതുപോലെ ഗവൺമെൻറിനേയും മനസ്സിലാക്കുന്നതിനു വേണ്ടി ഇതിനെ പ്രസ്സുചെയ്യുന്നു.

Motion was put and carried.

34. Investment of greater powers to Village Panchayats.

Mr. K. M. Kunhi Moideen.—"*This Council recommends to the Government to invest the Village Panchayats with greater powers so as to make them real self-governing institutions*".

വില്ലേജു പഞ്ചായത്തുകളെ യഥാർത്ഥ സ്വയംഭരണസ്ഥാപനങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനു് ചുരുക്കമായ വിധത്തിൽ അവയ്ക്കു കൂടുതൽ അധികാരം കൊടുക്കണമെന്നുള്ളതാണു ഈ പ്രമേയത്തിൻറെ താല്പര്യം. വില്ലേജുപഞ്ചായത്തുകൾക്കു അതിശോഭനമായ ഒരു ചരിത്രമുണ്ടെന്നുള്ളതു് എന്നപോലെ നിങ്ങളും അറിയുന്ന ഒരു സംഗതിയാണു്. ഭാരതത്തിൻറെ വിഖ്യാതിക്കു വളരെ മാറ്റു കൂട്ടിയിട്ടുള്ള ഏറ്റവും മഹനീയമായിട്ടുള്ള സ്വയംഭരണ സ്ഥാപനങ്ങളാണു് ഈ വില്ലേജു പഞ്ചായത്തുകൾ. ഇങ്ങിനെ നമ്മുടെ നാട്ടുകാർക്കും നമ്മുടെ രാജ്യത്തിനും യഥാർത്ഥ നന്മ നൽകിയിട്ടുള്ള വില്ലേജു പഞ്ചായത്തുകളുടെ നേരെ കൊച്ചീഗവൺമെൻറു കാണിക്കുന്ന നയം ഏറ്റവും ആക്ഷേപാർഹമായിരിക്കുന്നു. വില്ലേജുപഞ്ചായത്തുകളുടെ സൽഭരണമാണു് ഒരു രാജ്യത്തിൻറെ ഐശ്വര്യമെന്നുള്ളതു് നാം ആദ്യം ആലോചിക്കണം. വില്ലേജുകളാണു രാജ്യത്തിൻറെ അടിസ്ഥാനം. ആ വില്ലേജുകളുടെ പരിഷ്കരണമാണു് ഏറ്റവും പ്രഥമമായിട്ടുള്ള ആവശ്യം. പ്രത്യേകിച്ചു് ഡിസെൻട്രലൈസേഷൻ ഇപ്പോൾ ഗവൺമെണ്ടിൻറെ ഒരു നയവിശേഷമായി തീർന്നിരിക്കുന്ന ഈ അവസരത്തിൽ വില്ലേജുകളെ സംബന്ധിച്ചു് കൂടുതൽ പരിഷ്കരണത്തിനുള്ള മാർഗ്ഗങ്ങളും അധികാരങ്ങളും വില്ലേജുകാരിൽതന്നെ നിക്ഷേപിക്കുകയാണു് സ്വന്തം മാതൃകയെ ഓർത്തെങ്കിലും നമ്മുടെ ഭരണസാരഥികൾ പ്രവൃത്തിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly